## കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, വയനാട്

നമ്പർ. ഡബ്ല്യു. എസ്(1)442/08 നോർത്ത് കൽപ്പറ്റ
കാറ്റഗറി നമ്പർ: 80/2006 തീയ്യതി: 02-04-08.

**വിജ്ഞാപനം**

11-09-2006 തീയ്യതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം വയനാട് ജില്ലയിൽ **വിവിധ വകുപ്പിൽ 'ആയ'** തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 31-05-2007 തീയ്യതിയിൽ നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ സാധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. പരീക്ഷാ രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ മാത്രമാണ് ഈ നമ്പറുകൾ പ്രസിദ്ധീകരിക്കുന്നത്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുമുൻപ് സാധ്യതാ പട്ടികയിലുള്ള ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. പരീക്ഷയിൽ 52 (അൻപത്തിരണ്ട്) ഉം അതിൽ കൂടുതലും മാർക്കുനേടിയ ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ ലിസ്റ്റിന്റെ മുഖ്യ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവ് വരുത്തി പിന്നോക്ക വിഭാഗക്കാർക്കായുള്ള സപ്ലിമെന്ററി ലിസ്റ്റുകളും തയ്യാറാക്കിയിരിക്കുന്നു. രേഖകൾ പരിശോധിക്കുന്നതിനുള്ള തീയ്യതി, സമയം, സ്ഥലം എന്നിവ പിന്നീട് അറിയിക്കുന്നതാണ്.

രജിസ്റ്റർ നമ്പറുകൾക്ക് മുമ്പിലായി 'W' എന്ന് ചേർത്ത് വായിക്കേണ്ടതാണ്.

**MAIN LIST**

| | | | |
|---|---|---|---|
| **100001** | **100002** | **100003** | **100006** |
| **100008** | **100010** | **100011** | **100016** |
| **100017** | **100018** | **100021** | **100022** |
| **100026** | **100027** | **100028** | **100034** |

**SUPPLEMENTARY LISTS**

**(1) EZHAVA**

**100013** **100019** **100031**

**(2) SC**

**100004** **100012** **100023**

**(3) S.T.**

**100014** **100025**

**(4) MUSLIM**

**100024**

**(5) L.C.**

-NIL-

**(6) OBC.**

-NIL-

**(7) WISWAKARMA**

-NIL-

**(8) SIUC NADAR/AI**

-NIL-

**(9) O.X.**

-NIL-

**(10) DHEEVARA**

-NIL-

ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട രേഖകൾ

1. (a) ജനന തീയതി, പേര്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. അല്ലെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റിന്റെ ഒറിജിനലും (അസ്സൽ) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും.
   (b) പരിചയം:– ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ നിന്നോ അല്ലെങ്കിൽ 1860 ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1860 ലെ സെൻട്രൽ ആക്ട് 21) അഥവാ 1955 ലെ ട്രാവൻകൂർ–കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് (1955 ലെ XII) പ്രകാരം റജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ കുട്ടികളുടെ 'ആയ' അയുള്ള ഒരു വർഷത്തിൽ കുറയാത്ത പരിചയം തെളിയിക്കുന്ന പരിചയ സർട്ടിഫിക്കറ്റ്.

2. ജാതി,സമൂദായം:– സംവരണാനുകൂല്യത്തിനായി പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർ തഹസിൽദാരിൽ നിന്നും 22–3–05–ന് ശേഷം ലഭിച്ച ജാതി സർട്ടിഫിക്കറ്റും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ടു പകർപ്പുകളും മറ്റു പിന്നോക്ക സമുദായത്തിൽ പെട്ടവർ 25–8–07–ലെ G.O.(P) 46/07/SC/ST/DD പ്രകാരമുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും.

3. വികലാംഗർ: അംഗവൈകല്യം സംബന്ധിച്ച് മെഡിക്കൽ ബോർഡോ, അല്ലെങ്കിൽ സാമൂഹ്യക്ഷേമ വകുപ്പോ നൽകുന്ന വികലാംഗ സർട്ടിഫിക്കറ്റും പകർപ്പും.

4. കായിക താരങ്ങൾ: സ്പോർട്ട്സ് കൗൺസിൽ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പും.

5. സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ: ബന്ധപ്പെട്ട വകുപ്പു മേധാവിയിൽ നിന്നോ ഓഫീസ് മേധാവിയിൽ നിന്നോ ലഭിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (ഒറിജിനൽ).

6. പേര്, ജനനത്തീയതി, ഒപ്പ് എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിന് ആവശ്യമായ ഗസറ്റ് വിജ്ഞാപനവും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പും ഹാജരാക്കണം.

7. മറ്റെന്തെങ്കിലും അർഹതയുണ്ടെങ്കിൽ അവ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റും ശരിപ്പകർപ്പും.

**കുറിപ്പ്:** 1) അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ ഈ പട്ടികയിൽ റജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് തികച്ചും സോപാധികമായിട്ടാണ്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രധാനം ചെയ്യുന്നില്ല.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാപട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിന് ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിശോധിക്കുന്നതല്ല.

3) സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ ജനനത്തീയതി, യോഗ്യത, ജാതി, സംവരണത്തിനുള്ള അർഹത എന്നിവയും മറ്റു ആനുകൂല്യങ്ങൾ അവകാശപ്പെട്ടിട്ടുണ്ടെങ്കിൽ അതും തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങളുടെ പരിശോധനക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വയനാട് ഓഫീസിൽ ഹാജരാകേണ്ടതാണ്. ആയതിലേക്ക് വ്യക്തിഗത അറിയിപ്പുകൾ അയക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല. അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ നിന്നും മറ്റൊരു അറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണ്.

**(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)**

**ലൈലാ ദാസ്**
**ജില്ലാ ഓഫീസർ**

**കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ,**
**ജില്ലാ ഓഫീസ്, വയനാട്**

*Opr020408kpsc3*